**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

**(ഹാജർ: ബിന്ദു ഗോപിനാഥ്(i/c))**

**ഉത്തരവ് നം:WCD/ E7-13266/2020** **തിരുവനന്തപുരം , തീയതി: 08/02/2021**

വിഷയം:- വനിത ശിശുവികസന വകുപ്പ് – ജീവനക്കാര്യം – ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാർക്ക് റേഷ്യോ പ്രൊമോഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന :- 1. 20/01/2016 തിയതിയിലെ സഉ(പി) 7/2016 Fin

2. വനിതാ ശിശു വികസന ഡയറക്ടറുടെ 03/07/2020-ലെ WCD/E8-4540/2019 നമ്പർ ഉത്തരവ്.

3. വനിതാ ശിശു വികസന ഡയറക്ടറുടെ 07/01/2021, 01/02/2021 തിയതികളിലെ WCD/E9-14181/2020 നമ്പർ ഉത്തരവ്.

പത്താം ശമ്പള പരിഷ്കരണ ഉത്തരവിലെ അനക്സർ 16 ൽ ജൂനിയർ സൂപ്രണ്ട് തസ്തികയുടെ 1/3 ഭാഗം ജീവനക്കാർക്ക് 35700-75600 രൂപ ശമ്പള സ്കെയിലിൽ റേഷ്യോ പ്രൊമോഷനിലൂടെ ഹയർഗ്രേഡ് അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സൂചന(2) സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നമ്പർ25 വരെയുള്ള ജീവനക്കാർ നിലവിൽ ജൂനിയർ സൂപ്രണ്ട് ഹയർഗ്രേഡ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്നു.

പ്രസ്തുത ജീവനക്കാരിൽ ശ്രീ.ക്രിസ്റ്റി.സി.ഉതുപ്പ്, ശ്രീ.സത്യൻ.വി.സി, ശ്രീ.അജിത്കുമാർ.ബി.എൽ എന്നിവർക്ക് സൂചന(3) ഉത്തരവുകൾ പ്രകാരം സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭ്യമായിട്ടുണ്ട്.കൂടാതെ സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നമ്പർ(26) ആയ ശ്രീമതി.ഗീത കുമാരി.വി സർവീസിൽ നിന്നും വിരമിക്കുകയും ചെയ്തിട്ടുണ്ട്.

ടി സാഹചര്യത്തിൽ ജൂനിയർ സൂപ്രണ്ടുമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ ക്രമ നം.27 മുതൽ ക്രമ നം. 29 വരെ ഉൾപ്പെട്ടിട്ടുള്ള 3 ജീവനക്കാർക്ക് ഹയർഗ്രേഡ് ആനുകൂല്യത്തിന് അർഹതയുണ്ട്. ടി ജീവനക്കാർക്ക് കെ.എസ്സ്.ആർ പാർട്ട് -1 ചട്ടം 28 എ യ്ക്ക് വിധേയമായി റീ-ഫിക്സേഷൻ ആനുകൂല്യത്തോടെ ചുവടെ പറയും പ്രകാരം 35700-75600 രൂപ ശമ്പള സ്കെയിലിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഹയർഗ്രേഡ് അനുവദിച്ചു കൊണ്ട് ഉത്തരവാകുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര്, തസ്തിക, നിലവിൽ സേവനം നടത്തുന്ന കാര്യാലയം | സീനിയോറിറ്റി നം | റേഷ്യോ ഓഫ് പ്രൊമോഷൻ അനുവദിക്കുന്ന തസ്തികയും സ്കെയിലും | ഹയർഗ്രേഡ് ആനുകൂല്യം അനുവദിക്കുന്ന പ്രാബല്യ തീയതി |
|---|---|---|---|---|
| 1. | ശ്രീ.അജിത് കുമാർ.റ്റി<br>ജൂനിയർ സൂപ്രണ്ട്<br>വനിതാ ശിശുവികസന ഡയറക്ടറേറ്റ്. | 27 | ജൂനിയർ സൂപ്രണ്ട്(H.Grade)<br>(35700-75600) | 07/01/2021 |
| 2. | ശ്രീ.അനിൽകുമാർ.ആർ<br>ജൂനിയർ സൂപ്രണ്ട്<br>ഐ.സി.ഡി.എസ് അഞ്ചൽ അഡീഷണൽ | 28 | ജൂനിയർ സൂപ്രണ്ട്(H.Grade)<br>(35700-75600) | 07/01/2021 |

| | | | | |
|---|---|---|---|---|
| 3. | ശ്രീമതി.ശൈലശ്രീ.എ.റ്റി<br>ജൂനിയർ സൂപ്രണ്ട്<br>ഐ.സി.ഡി.എസ്, കാസർകോഡ് | 29 | ജൂനിയർ സൂപ്രണ്ട്(H.Grade)<br>(35700-75600) | 01/02/2021 |

പരാമർശം (1)ലെ വ്യവസ്ഥകൾക്ക് വിധേയമായി ഹയർഗ്രേഡ് അനുവദിക്കപ്പെട്ട തീയതി പ്രാബല്യത്തിൽ ജീവനക്കാരുടെ ശമ്പള നിർണ്ണയം നടത്തുന്നതിനും ശമ്പള കുടിശ്ശിക അനുവദിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു. റേഷ്യോ ഹയർ ഗ്രേഡ് അനുവദിച്ചതു സംബന്ധിച്ച രേഖപ്പെടുത്തലുകൾ ബന്ധപ്പെട്ട കാര്യാലയ മേധാവിമാർ ജീവനക്കാരുടെ സേവനപുസ്തകത്തിൽ വരുത്തേണ്ടതാണ്.

(ഒപ്പ്)
വനിത ശിശുവികസന ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്
<u>പകർപ്പ്</u>

1. ബന്ധപ്പെട്ട കാര്യാലയ മേധാവികൾക്ക്
2. ബന്ധപ്പെട്ട ട്രഷറി ഓഫീസർമാർക്ക്
3. ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക്
4. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം
Suni
സൂപ്രണ്ട്